## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4615** | **04.02.2014-ൽ മറുപടിക്ക്**

### റോഡ് ശൃംഖലയുടെ ഗുണമേന്മ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, വി . പി.സജീന്ദ്രൻ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) | റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | റോഡു ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്രധാന റോഡുകൾ പരമാവധി എല്ലാംതന്നെ ഘട്ടംഘട്ടമായി ഡിസൈൻ ചെയ്ത് ബി.എം, ബി.സി പ്രതലം നിഷ്കർഷിച്ച് ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കണമെന്നതാണ് സർക്കാർ നയം. ഇതിന് ചെലവ് കൂടുതലുള്ളതുകൊണ്ടാണ് ഘട്ടംഘട്ടമായി ചെയ്യാനുദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങളെന്തെല്ലാം ; | (ബി) | ഇതിനായി വിശദമായ ഒരു റോഡ് വികസനനയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | എത്ര കിലോ മീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | ഇതിനായി വിശദമായ ഒരു സാദ്ധ്യതാപഠനം നടത്തുവാനായി കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കുന്ന ഏകദേശം 6000 കി.മീ സംസ്ഥാന /മേജർ ജില്ലാ റോഡുകളാണ് ഇതിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ആദ്യ നടപടിയായി കെ.എസ്.ടി.പി രണ്ടാംഘട്ടത്തിൽ 363 കി.മീ റോഡുകളുടെ പുനരുദ്ധാരണ പണികൾ ലോകബാങ്കിന്റെ സഹായത്തോടെ തുടങ്ങിയിട്ടുണ്ട്.

2 സംസ്ഥാന റോഡു ഇൻഫ്രാസ്ട്രക്ച്ചർപദ്ധതിയിൽ ഉൾപ്പെടുത്തി 520 കി.മീ റോഡുകളുടെ പുനരുദ്ധാരണവും 15 വർഷത്തെ മെയിന്റനൻസ് പണികളും പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുള്ള ദർഘാസുകൾ ക്ഷണിച്ചു. അതിന് വളരെ പ്രോത്സാഹനകരമായ പ്രതികരണമാണ് ലഭിച്ചത്. കരാറുകാരിൽ നിന്ന് റേറ്റുകൾ വാങ്ങിക്കാനുള്ള നടപടിയും തുടങ്ങിക്കഴിഞ്ഞു. ഇതുകിട്ടിയാൽ ഉടൻതന്നെ പുനരുദ്ധാരണ പണികൾ തുടങ്ങാനാകുമെന്ന് കരുതുന്നു.

3 മേൽപറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ദേശം 600 കി.മീ. റോഡുകളുടെ വിപുലമായ വികസന പണികൾക്ക് സഹായം ലഭ്യമാക്കുന്നതിനായി ഒരു പദ്ധതി ADB-ക്കു നൽകുവാനായി നടപടി പുരോഗമിച്ചു വരുന്നു.

4. ലോകബാങ്കു സഹായമുള്ള കെ.എസ്. ടി.പി-യുടെ അനുബന്ധ പദ്ധതിയിൽപ്പെടുത്തി 1000 കി.മീ റോഡുകളുടെ ഹെവിമെയിന്റനൻസും 5 വർഷത്തെ തുടർ മെയിന്റനൻസും ഉൾപ്പെടുന്ന ഒരു പദ്ധതി രൂപകല്പന പൂർത്തിയാകാറായി. ഇതു തദ്ദേശവും വിദേശവുമായ സ്വകാര്യ സ്ഥാപനങ്ങൾ വഴി പണം സ്വരൂപിച്ച് ചെയ്യാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടി-രിക്കുന്നു.

5. ഇപ്പോൾ ഏറ്റെടുത്ത് മേജർ ജില്ലാ റോഡുകളായി ഉയർത്തിയ 8500 കി.മി റോഡുകൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിനുള്ള സ്ട്രാറ്റജിക്ക് ഓപ്ഷൻ പഠനം പൂർത്തിയായി. ഇതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. അധികമായി വരുന്ന തുക മറ്റു ധനാഗമ മാർഗ്ഗങ്ങളിലൂടെ സമാഹരിക്കാൻ പരിശ്രമിക്കും.

6. റോഡു വികസനത്തിന്റെ ഭാഗമായി 1000 കോടി രൂപ ചെലവ് വരുന്ന SPEID പദ്ധതിക്ക് അംഗീകാരം നൽകി ഇതിന്റെ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ